# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

**പി.ആർ.ഒ/35/219/2016** **പത്രക്കുറിപ്പ്** **2016 ഒക്ടോബർ 14**

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.പി.ഇ /എം.പി.എഡ് ഡിഗ്രി പരീക്ഷകൾ നവംബർ 4ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും.

## അപേക്ഷാ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും.

## പുതുക്കിയ പരീക്ഷാ തീയതി

ഒക്ടോബർ 13ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റി വച്ചതുമായ
രണ്ടാം സെമസ്റ്റർ എം.എസ്.സി ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ/സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.പി.എച്ച് (2014 അഡ്മിഷൻ റഗുലർ/2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.ബി.എ (2014 അഡ്മിഷൻ റഗുലർ/2012 ആന്റ് 2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 19നും, അവസാന വർഷ എം.പി.റ്റി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഒക്ടോബർ 21നും, നാലാം സെമസ്റ്റർ എം.സി.എ (2014 അഡ്മിഷൻ റഗുലർ, 2011–2013 അഡ്മിഷൻ സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ എം.സി.എ (പഴയ സ്കീം – 2007 മുതൽ 2010 വരെ അഡ്മിഷൻ), അഞ്ചാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി (റഗുലർ/സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളും ഒക്ടോബർ 24നും, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (റഗുലർ/റീ.അപ്പിയറൻസ്/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 25നും നടത്തും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

ഒക്ടോബർ 14ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റി വച്ചതുമായ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ 28നും, മൂന്നാം സെമസ്റ്റർ എം.ടെക് (സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ 19നും, മൂന്നാം വർഷ ബി.എസ്.സി നഴ്സിങ് പരീക്ഷ ഒക്ടോബർ 24നും നടത്തും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## വൈവാ വോസി

ഒക്ടോബർ 13ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ ഡിഗ്രി പരീക്ഷയുടെ വൈവാ വോസി ഒക്ടോബർ 20ന് എറണാകുളം റീജിയണിലും, 21ന് കോട്ടയം റീജിയണിലും നടത്തും.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (റഗുലർ/സപ്ലിമെന്ററി/റീഅപ്പിയറൻസ്) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 19 മുതൽ അതത് കോളജുകളിൽ നടത്തും. വിദ്യാർത്ഥികൾ അസ്സൽ ഹാൾ ടിക്കറ്റുകളുമായി ഹാജരാകണം.

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ രണ്ടാം സെമസ്റ്റർ എം.എ (സി.എസ്.എസ് – റഗുലർ/സപ്ലിമെന്ററി) മ്യൂസിക് –വീണ, വോക്കൽ വയലിൻ പരീക്ഷകളുടെ പ്രാക്ടിക്കൽ ഒക്ടോബർ 17 മുതൽ 20 വരെയും, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി സംഗീതം, കഥകളി വേഷം പരീക്ഷകളുടെ പ്രാക്ടിക്കൽ 18 മുതൽ 26 വരെയും കോളജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇൻഫർമേഷൻ ടെക്നോളജി (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഒക്ടോബർ 25 വരെ സ്വീകരിക്കും.

## പഞ്ചവൽസര എം.എസ് പ്രോഗ്രാം

എം.ജി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസെർച്ച് ഇൻ ബേസിക് സയൻസിൽ (ഐ.ഐ.ആർ.ബി.എസ്) ഫെലോഷിപ്പോടുകൂടി പഞ്ചവൽസര ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമിന് അപേക്ഷിക്കാം. പ്ലസ്ടുവിന് (സയൻസ്) 55 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിച്ചിട്ടുള്ള സയൻസിലും തുടർന്ന ഗവേഷണത്തിലും താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. അപേക്ഷകൾ നവംബർ 11 വരെ സ്വീകരിക്കും.. വെബ് സൈറ്റ് :www.iirbsmgu.com

## അന്തർദ്ദേശീയ കോൺഫറൻസ്

എം.ജി സർവ്വകലാശാലയുടെ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ പവ്വർ എഞ്ചിനീയറിംഗിലെ നവീന പദാർത്ഥങ്ങൾ എന്ന വിഷയത്തിൽ അന്തർദ്ദേശീയ കോൺഫറൻസ് നവംബർ 11, 12, 13 തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. 200ൽ അധികം ലോകപ്രശസ്ത മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞൻമാർ പങ്കെടുക്കുന്ന കോൺഫറൻസിൽ പവ്വൽ എഞ്ചിനീയറിംഗിലെ നവീന സാധ്യതകളെക്കുറിച്ചും വെല്ലിവിളികളെക്കുറിച്ചും ചർച്ച ചെയ്യും.

വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്ന കോൺഫറൻസിൽ പ്രൊഫ. സാബു തോമസ് നേതൃത്വം നൽകും. പ്ലീനറി പ്രഭാഷണങ്ങൾ, പ്രത്യേക ക്ഷണിതാക്കളുടെ പ്രഭാഷണങ്ങൾ, ഹ്രസ്വ പ്രബന്ധാവതരണങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ എന്നിവ നടത്തും. ഗവേഷകർക്കും, വ്യവസായികൾക്കും, പുതിയ സാധ്യതകൾ ലഭിക്കുന്ന വിധത്തിലാണ് കോൺഫറൻസ് ഒരുക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും പങ്കെടുക്കുന്നതിനും – ഇമെയിൽ: power@macromol.in ഫോൺ 9747099541

## പി.എച്ച്.ഡി പ്രോഗ്രാമിന് അപേക്ഷിക്കാം

ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽ സയൻസ്, എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ നിന്നും സി.എസ്.ഐ.ആർ/യു.ജി.സി ഫെലോഷിപ്പിന് അർഹത നേടിയവർക്കായി ജോയിന്റ് പി.എച്ച്.ഡി പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. എം.ജി സർവ്വകലാശാലയിലെ സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, സി.എസ്.ഐ.ആർ ലാബുകളുടെയും, യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ, ചൈന എന്നിവിടങ്ങളിലെ ലാബുകളുടെയും സഹകരണത്തോടെയാണ് പ്രസ്തുത പി.എച്ച്.ഡി പ്രോഗ്രാം നടത്തുന്നത്. അപേക്ഷാർത്ഥികൾ വിശദമായ ബയോഡാറ്റാ sabuthomas@mgu.ac.in എന്ന ഇമെയിൽ അയയ്ക്കണം. ഫോൺ 9447149547.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)